# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2059     07.03.2017 – ൽ മറുപടിക്ക്

## റേഷൻകാർഡ് മുൻഗണനാ പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) റേഷൻകാർഡ് താൽക്കാലിക മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) ദേശീയ ഭക്ഷ്യ - ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിൽ ആക്ഷേപങ്ങൾ ഉള്ള പക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ള പക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുവാനും അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടിക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിനായി സമർപ്പിച്ച്, ടി സ്ഥാപനങ്ങളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് പട്ടിക കുറ്റമറ്റതാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനർഹരായവർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി എടുക്കുന്നതാണ്. |
| (ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) മുൻഗണനേതര വിഭാഗത്തിൽ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി ഒരാൾക്ക് 2 കി.ഗ്രാം എന്ന ക്രമത്തിൽ കി.ഗ്രാമിന് 2/- രൂപ നിരക്കിൽ അരി നൽകി വരുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ബാക്കിയുള്ളവർക്ക് കാർഡിന് 6 കി.ഗ്രാം ഭക്ഷ്യ ധാന്യം അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും നിലവിൽ നൽകി വരുന്നു. |
| (സി) നിലവിൽ പുതുക്കാത്ത അർഹരായ റേഷൻ കാർഡ് ഉടമകളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) 2017 മാർച്ച് മാസത്തോടുകൂടി റേഷൻ കാർഡ് വിതരണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുതിയ റേഷൻ കാർഡുകളുടെ വിതരണത്തിനു ശേഷം ഇതുവരെയും റേഷൻകാർഡിൽ പേര്/ഫോട്ടോ ചേർക്കാൻ കഴിയാത്തവർക്ക് അവസരം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ